# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/212/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 29/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/212/2023 തീയ്യതി: 29/03/2023

## കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-11-2021 മുതൽ 05-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 08-11-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ. എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 06-02-2023 | 15-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-02-2023 | 15-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ
ശ്രീ. ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ശ്രീജ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. നിഖില. എ.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഹൈമവതി. വി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. പ്രദീപൻ. എൻ | സെക്രട്ടറി | 01-04-2021 | 25-09-2021 |
| ശ്രീമതി. രജിത. ആർ, ഹെഡ് ക്ലർക്ക് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-09-2021 | 06-10-2021 |
| ശ്രീ. അനിൽ കുമാർ. പി | സെക്രട്ടറി | 07-10-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോമോൻ പൗലോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 30-06-2021 |
| ശ്രീമതി. പ്രിയ. പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-07-2021 | 29-11-2021 |
| ശ്രീ. റോയ്. ആർ. എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 30-11-2021 | 31-03-2022 |
| ശ്രീമതി. അശ്വനി. കെ.എസ് | കൃഷി ഓഫീസർ | 01-04-2021 | 12-10-2021 |
| ശ്രീമതി. ഡോണ സ്കറിയ | കൃഷി ഓഫീസർ | 13-10-2021 | 31-03-2022 |
| ശ്രീ. മുഹമ്മദ് ഹിജാസ് | വി.ഇ.ഒ, തോലമ്പ്ര സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീ. ഷാജി. കെ.പി | വി.ഇ.ഒ, ശിവപുരം സർക്കിൾ | 01-04-2021 | 03-10-2021 |
| ശ്രീ. രസിത്ത്. കെ.എം | വി.ഇ.ഒ, ശിവപുരം സർക്കിൾ | 04-10-2021 | 31-03-2022 |
| ഡോ മഞ്ജുള | മെഡിക്കൽ ഓഫീസർ (പി..എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. അരവിന്ദ്. എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ. ആകാശ് കൃഷ്ണ. ആർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 19-07-2021 |
| ശ്രീമതി. അൽഫോൻസ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 20-07-2021 | 28-09-2021 |
| ശ്രീമതി. സോഫിയ പി സക്കറിയ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 29-09-2021 | 10-03-2022 |
| ശ്രീമതി. സ്മിത മാരാർ | ഡയറി എക്സ്റ്റൻഷൻ | 11-03-2022 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ. രവീന്ദ്രൻ പി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ആശാലത. പി.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. പ്രീത. പി.വി | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 01-04-2021 | 07-09-2021 |
| ശ്രീ. ഷാജി. സി | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 08-09-2021 | 31-03-2022 |
| ഡോ. ജിതേഷ്. എ.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. പി.എൻ ഷിബു | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.ദാസൻ നിട്ടൂർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 24-09-2021 |
| ശ്രീമതി ദിവ്യ എ.,കെ., അക്കൗണ്ടന്റ് | അസിസ്റ്റന്റ് സെക്രട്ടറി- ഇൻചാർജ്ജ് | 25-09-2021 | 08-10-2021 |
| ശ്രീ.ദാസൻ നിട്ടൂർ | അസിസ്റ്റന്റ് സെക്രട്ടറി | 09-10-2021 | 30-11-2021 |
| ശ്രീ.നിഷാന്ത് എം.കെ., ഹെഡ് ക്ലർക്ക് | അസിസ്റ്റന്റ് സെക്രട്ടറി- ഇൻചാർജ്ജ് | 01-12-2021 | 15-12-2021 |
| ശ്രീമതി മനില എം., ഹെഡ് ക്ലർക്ക് | അസിസ്റ്റന്റ് സെക്രട്ടറി- ഇൻചാർജ്ജ് | 16-12-2021 | 10-01-2022 |
| ശ്രീമതി ഷബ്ന കെ.വി. | അസിസ്റ്റന്റ് സെക്രട്ടറി | 11-01-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക -അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | ഗ്രാമസഭ | 1-10 |
| 12 | വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-11 |
| 13 | വിമുക്ത ഭടന്മാരുടെ വീടുകൾക്ക് വസ്തുനികുതി ഇളവ്-സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്ക് ഇളവ് നല്കി | 1-12 |
| 14 | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകത | 1-13 |
| 15 | മൊബൈൽ ടവർ -വസ്തു നികുതി കുടിശ്ശിക ഈടാക്കിയില്ല | 1-14 |
| 16 | എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല | 1-15 |
| 17 | സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഫീസ് ഈടാക്കിയിട്ടില്ല | 1-16 |
| 18 | ഇ-ടെണ്ടർ ഫീസ്-തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-17 |
| 19 | അപകടാവസ്ഥയിലായ മരം മുറിച്ചുമാറ്റൽ - വിശദ വിവരം ലഭ്യമല്ല-15,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 20 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹1,50,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 21 | പുതുക്കിയ സർക്കാർ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പ് ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചു. | 1-20 |
| 22 | സാക്ഷരതാ പ്രേരക് മാർക്ക് ഹോണറേറിയം-തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-21 |

| | | |
|---|---|---|
| 23 | പഞ്ചായത്ത് ഓഫീസിലേക്ക് പ്രൊജക്ടർ വാങ്ങൽ- രേഖകൾ ലഭ്യമല്ല- 80,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 24 | കുഴൽ കിണർ നിർമ്മാണത്തിനും മോട്ടോർ ഘടിപ്പിക്കുന്നതിനും ഭൂജല വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-23 |
| 25 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ- ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതാണ് | 1-24 |
| 26 | പി.എം.എ.വൈ ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ(ജനറൽ) - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-25 |
| 27 | ഐ.കെ.എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-26 |
| 28 | എസ് എസ് എ വിഹിതം ന**ൽ**ക**ൽ** - അപാകങ്ങ**ൾ** | 1-27 |
| 29 | തുടർ സാക്ഷരത/പ്ലസ്സ് തുല്യതാ പഠനം - അപാകങ്ങ**ൾ** | 1-28 |
| 30 | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫ**ർ**ണിച്ച**ർ**- അപാകങ്ങ**ൾ** | 1-29 |
| 31 | സ്മാ**ർ**ട്ട് ആയു**ർ**വേദ ഡിസ്പെ**ൻ**സറി - അപാകങ്ങ**ൾ** | 1-30 |
| 32 | മരുന്ന്,ഉപകരണങ്ങ**ൾ** മുഴുവനായും ലഭ്യമായിട്ടില്ല | 1-31 |
| 33 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-32 |
| 34 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് അർഹമായ ആനുകൂല്യം ലഭ്യമായിട്ടില്ല | 1-33 |
| 35 | പൊതു മരാമത്ത് പ്രവൃത്തികൾ പൊതുവായ അപാകങ്ങ**ൾ** | 1-34 |
| 36 | സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചതിലെ അപാകതക**ൾ** | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 20-02-2021 തീയതിയിലെ 1/2021 തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 30-03-2022 ലെ 1/2022നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 12650717.06 | 15898263 |
| വരവ് | 162959400 | 158178980 |
| ആകെ | 175610117.06 | 174077243 |
| ചെലവ് | 170151600 | 162800148 |
| നീക്കിയിരിപ്പ് | 5458517.06 | 11277095 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 30-07-2022(എയിംസിൽ) | തിരിച്ചയച്ചിട്ടില്ല | -- |

## 1-2-1 വാർഷിക ധനകാര്യ പത്രിക -അപാകങ്ങൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.വസ്തു നികുതി-(റസിഡൻഷ്യൽ ബിൽഡിംഗ്) വാർഷിക ധനകാര്യ പത്രികയിലെ ഐ 1 ഷെഡ്യൂൾ പ്രകാരമുള്ള ഡിമാന്റും (1934701)സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള ഡി.സി.ബി റിപ്പോർട്ട് പ്രകാരമുള്ള ഡിമാന്റും(1929613) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2.ലൈബ്രറി സെസ്സ്-വാർഷിക ധനകാര്യ പത്രികയിലെ RP-35 ഷെഡ്യൂൾ പ്രകാരമുള്ള കലക്ഷനും (157255)സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള ഡി.സി.ബി റിപ്പോർട്ട് പ്രകാരമുള്ള കലക്ഷനും(157807) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3.ദുരിതാശ്വാസ നിധി- ബി 2 ഷെഡ്യൂളിലെ തുക 16486 രൂപയും ബി 17 പ്രകാരമുള്ള തുക 15786രൂപയുമാണ്. എം.ജി.എൻ.ആർ.ഇ.ജി.എസ്- ബി 4 ഷെഡ്യൂളിലെ തുക 3289 രൂപയും ബി 17 പ്രകാരമുള്ള തുക 3259രൂപയുമാണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല

4.ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിവിധ വർഷങ്ങളിലായി ലഭിച്ച തുകയിൽ നീക്കിയിരിപ്പുള്ള തുക ബി 4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഏതാവശ്യത്തിന് ലഭിച്ചതാണെന്നും ഏത് വർഷം ലഭിച്ചതാണെന്നും വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-കാപ്പിറ്റൽ | 130393 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-റവന്യൂ | 117611 |
| ജില്ലാ പഞ്ചായത്ത് വിഹിതം-റവന്യൂ | 80122 |

വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല

5.ഐ 14 ഷെഡ്യൂളിൽ 250140804 ഹെഡ് കോഡിൽ Service Enterprises – Bunk എന്ന ഹെഡിൽ രേഖപ്പെടുത്തിയ ചെലവ് 297496രൂപ വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടൽ ഇനത്തിലുള്ളതാണെന്നാണ് ലെഡ്ജറിൽ രേഖപ്പെടുത്തിയത്. ഹെഡ് മാറി ചേർത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

6.2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷികധനകാര്യപത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

7.2020-21സാമ്പത്തിക വർഷം ബി 1 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ എക്സസ് ഓഫ് ഇൻകം ഓവർ

എക്സ് പെന്റിച്ചർ ഹെഡിലെ തുകയും (11527343.65) 2021-22 സാമ്പത്തിക വർഷം Surplus Of Income Over Expenditure Income ആയി രേഖപ്പെടുത്തിയ തുകയും (1207902) കൂട്ടിയ തുകയല്ല തൻ വർഷം എക്സസ് ഓഫ് ഇൻകം ഓവർ എക്സ് പെന്റിച്ചർ ആയി രേഖപ്പെടുത്തിയിട്ടുള്ളത് (17240315).Excess Of Income Over Expenditure B 1 Schedule ൽ രേഖപ്പെടുത്തിയ തുക കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല.

8. Other Co-operative Bank (1)(കാഞ്ഞിലേരി-ശിവപുരം സർവീസ് സഹകരണ ബാങ്ക്) അക്കൗണ്ട്- ബാങ്ക് ബുക്ക് പ്രകാരമുള്ള തുകയല്ല റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസം വ്യക്തമാക്കിയിട്ടില്ല.

| യഥാർത്ഥ ബാങ്ക് ബുക്ക് പ്രകാരമുള്ള തുക | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ ബാങ്ക് ബുക്ക് തുക |
|---|---|
| 14571038 | 14565653 |

9. വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ ₹78129 വരവുണ്ട്. Tender Forms Sale രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

10.ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ വിവിധ ഏജൻസികൾക്ക് നൽകിയതും 2021-22 സാമ്പത്തിക വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തുമായ തുകയുടെ വിവരം B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക₹ |
|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് മെയിൻ ലൈൻ വലിക്കൽ (പ്രോജക്ട് നമ്പർ 33/22,) | 6,93,614 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ (പ്രോജക്ട് നമ്പർ 120/22, | 6,72,000 |
| ഭൂജല വകുപ്പ് | അങ്കണവാടിക്ക് കുഴൽ കിണർ നിർമ്മാണം, പ്ലംബിങ്ങ്, മോട്ടോർ ഘടിപ്പിക്കൽ (പ്രോജക്ട് നമ്പർ 121/22, | ₹53,000 |
| ഭൂജല വകുപ്പ് | അങ്കണവാടികളുടെ കിണറുകൾക്ക് മോട്ടോർ ഘടിപ്പിക്കൽ (പ്രോജക്ട് നമ്പർ 121/22,) | ₹4,00,000 |
| ഭൂജല വകുപ്പ് | വെമ്പടി കോളനി കുടിവെള്ള കണക്ഷൻ (പ്രോജക്ട് നമ്പർ 6/22) | 208600 |
| ഭൂജല വകുപ്പ് | വെമ്പളി കോളനി കുടിവെള്ള പദ്ധതി പ്രോജക്ട് നമ്പർ 166/22 (സ്പിൽ ഓവർ) | 316400 |
| | ആകെ | 2343614 |

11.തൊഴിൽ നികുതി - ഡിമാന്റ ,കലക്ഷൻ, ബാലൻസ് സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

12. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

13.other Co-operative Bank (1)(കാഞ്ഞിലേരി-ശിവപുരം സർവീസ് സഹകരണ ബാങ്ക്) അക്കൗണ്ട്-ചുവടെ ചേർത്ത വൗച്ചർ പ്രകാരം ചെക്ക് നിക്ഷേപിച്ചെങ്കിലും ബാങ്കിൽ ക്രെഡിറ്റ് ആയില്ല.ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിനുള്ള കാരണം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതും തുക ഏതിനത്തിലുള്ളതാണെന്ന് കണ്ടെത്തി ചെക്ക് നൽകിയവരിൽ നിന്നും നാളിതുവരെയുള്ള പലിശ സഹിതം തുക ഈടാക്കേണ്ടതുമാണ്.

| Voucher No/Date | Amount |
|---|---|
| 11304400010/06-11-2013 | 1750 |
| 11201100001/01-04-2012 | 2563 |

14.ബി 9 ഷെഡ്യൂളിൽ Government And Other Dues Payable എന്ന ഹെഡിൽ രേഖപ്പെടുത്തിയ 30000 രൂപ സർക്കാർ ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല.

15.ക്ഷീരകർഷകർക്ക് അധിക പാൽവില നല്കിയ ഇനത്തിലുള്ള ചെലവ് 1251000രൂപ ഐ 14 ഷെഡ്യൂളിൽ മൊബൈൽ മിൽക്കിംഗ് യൂനിറ്റ് അണ്ടർ മിൽക്ക് സൊസൈറ്റി എന്ന ഹെഡിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

16.കന്നുകട്ടി പരിപാലന പദ്ധതിക്കായി ചെലവഴിച്ച 375000 രൂപ ഐ 14 ഷെഡ്യൂളിൽ Live Stock Sterility Eradication Programmeഎന്ന ഹെഡിലാണ് രേഖപ്പെടുത്തിയത്.

17.ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18,ഐ-19) പ്രകാരം "290000000-Prior Period Expense,190000000 Prior Period Income" എന്നീ ശീർഷകത്തിൽ ഉൾപ്പെടുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്കുഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതമോ കൃത്യമോ ആണെന്ന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

18.സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിയിസേഷൻ, അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽവിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. 2021-22 വർഷത്തെ Income And Expenditure പത്രിക പ്രകാരം 705947രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ഹാജരാക്കിയിട്ടില്ല.

19.Income And Expenditure Statement-കണക്ക് കൂട്ടലുകളിൽ പിഴവുണ്ട്. ആകെ ഇൻകം ഗ്രോസ്സ് സർപ്ലസ് /ഡെഫിസിറ്റ്-രേഖപ്പെടുത്തിയ തുക തെറ്റാണ്. അപാകങ്ങൾ പരിഹരിച്ചതിന് ശേഷമുള്ള പത്രിക സമർപ്പിക്കേണ്ടതാണ്.

20.വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 22072207 |
| വരവ് | ₹ 62416016 |
| ആകെ | ₹ 84488223 |
| ചെലവ് | ₹58946041 |
| നീക്കിയിരിപ്പ് | ₹ 25542182 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | ₹ 245000 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 16239271 | 16239271 | 15583000 | 656271 |
| വികസന ഫണ്ട് എസ്.സി.പി | 0 | 715505 | 715505 | 690000 | 25505 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 779000 | 779000 | 779000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 8239900 | 8239900 | 4916679 | 3323221 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ | 0 | 6285571 | 6285571 | 5020077 | 1265494 |

| | | | | | |
|---|---|---|---|---|---|
| റോഡ് | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 8768798 | 8768798 | 4425824 | 4342974 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ബേസിക്) | 0 | 3372649+ 51286(പലിശ) | 3423935 | 3197723 | 174926+ 51286(പലിശ) |
| എം.പി ഫണ്ട് | 15595 | 0 | 15595 | 0 | 15595 |
| അംഗൻവാടി പോഷകാഹാരം | 516957 | 1028052 | 1545009 | 995024 | 549985 |
| എം.ജി.എൻ.ആർ.ഇ ജി.എസ് | 4145 | 46893918 | 46898063 | 46894774 | 3289 |
| TSC Fund | 994066 | 0 | 994066 | 0 | 994066 |
| ലൈബ്രറി ഗ്രാന്റ് | 27760 | 10440 | 38200 | 0 | 38200 |
| സാക്ഷരത | 465146 | 13636 | 478782 | 0 | 478782 |
| ശുചിത്വ മിഷൻ ഫണ്ട് | 1646743 | 402039 | 2048782 | 948149 | 1100633 |
| അംഗൻവാടി നെയിംബോർഡ് | 72000 | 0 | 72000 | 72000 | 0 |
| വിമുക്തി | 3595 | 0 | 3595 | 0 | 3595 |

കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കണക്കുകളുടെ കൃത്യത പരിശോധിക്കാനോ മുഴുവൻ വിവരങ്ങൾ രേഖപ്പെടുത്തുവാനോ സാധിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 187 | 69253801 | 141 | 43048725 | 19 | 46 | 65 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 3551360 | 2418935 | 68.11 |
| വെറ്റിനറി സർജ്ജൻ | 7 | 7 | 4459300 | 1898155 | 42.57 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്. സി | 5 | 4 | 1427818 | 1324931 | 92.79 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | 3 | 3 | 211580 | 211299 | 99.87 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | 6 | 6 | 1338120 | 1334684 | 99.74 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 3 | 2997520 | 426433 | 14.23 |
| വി.ഇ.ഒ | 22 | 18 | 15072240 | 9908622 | 65.74 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 9 | 4653945 | 4605969 | 98.97 |
| സെക്രട്ടറി | 35 | 21 | 7797292 | 4641273 | 59.52 |
| ഹെഡ് മിസ്ട്രസ് | 6 | 4 | 1485014 | 1300532 | 87.58 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 71 | 47 | 23654412 | 12825082 | 54.22 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1500000 | 1251000 | 83.4 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 7 | 1105200 | 901810 | 81.6 |
| ആകെ | 187 | 141 | 69253801 | 43048725 | 62.16 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4145 | 687888 | 692033 | 688744 | 3289 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്+ മെറ്റീരിയൽ കോസ്റ്റ് | - | 46206030 | 46206030 | 46206030 | - |
| ആകെ | 4145 | 46893918 | 46898063 | 46894774 | 3289 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8874000 | 510 |
| വിധവാപെൻഷൻ | 12267200 | 841 |
| വാർദ്ധക്യകാലപെൻഷൻ | 20357100 | 1508 |
| ഭിന്നശേഷി പെൻഷൻ | 4380800 | 261 |
| അവിവാഹിത പെൻഷൻ (അമ്പത് വയസിനു മുകളിലുള്ള) | 2350400 | 138 |
| വിവാഹ ധനസഹായം | 210000 | 7 |

ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ വിവരമാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ എണ്ണം കൃത്യമല്ല. പെൻഷൻ അനുവദിച്ച ഗുണഭോക്താക്കളുടെ കൃത്യമായ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-02-2023 തീയതിയിൽ 12 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7313 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ പുരോഗതിയും വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ

ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

കോവിഡ് രോഗ വ്യാപനമുള്ളതിനാൽ ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിലും 2021-22 വർഷം ഒരു തവണ മാത്രമാണ് ഗ്രാമസഭ യോഗം ചേർന്നത്. 2022 ജനുവരി മാസത്തിലാണ് ഗ്രാമസഭാ യോഗം ചേർന്നത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം-ഉപപദ്ധതി തയ്യാറാക്കൽ, 2021-22 വാർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, അതിദരിദ്രരുടെ പട്ടിക അംഗീകരിക്കൽ എന്നിവയായിരുന്നു ഗ്രാമസഭകളിലെ പ്രധാന അജണ്ട.

## 1-11 വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

2021-22 വർഷം എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്ത ചുവടെ പറയുന്ന ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെടുകയോ നോട്ടീസ് നല്കുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

1. ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും,ബിസിനസ്സ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം204ാം വകുപ്പ്, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം3,4 എന്നിവ അനുശാസിക്കുന്നു. 2021-22 വർഷത്തെ എഫ് ടി ഇ &ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽ കൂടുതൽ പേർ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഡിമാന്റ് ചെയ്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | ജീവനക്കാരുടെ എണ്ണം | കെട്ടിട നമ്പർ /സംരംഭം |
|---|---|---|---|
| 1 | ബിജു. എം | 2 | 7/493 B<br>കെട്ടിട നിർമാണ യൂണിറ്റ് |
| 2 | വിജിത്ത് മാവില | 3 | 9/230 B<br>ഇന്റർലോക്ക് നിർമാണം |
| 3 | മഹേഷ്. സി. കെ | 3 | 1/43<br>അമ്മ ഡിസ്ട്രിബ്യൂട്ടേർസ് |
| 4 | ഗീത. എം | 3 | 5/390 A<br>പെട്രോൾ പമ്പ് |
| 6 | കിഷോർ ഷേണായി | 3 | 1/158<br>ബിൽഡിംഗ് മെറ്റീരിയൽസ് വില്പന |
| 7 | സത്യനാഥൻ. കെ | 2 | 11/102<br>ചെങ്കല്ല് ഡിസൈനിംഗ് |
| 8 | അശോകൻ | 6 | 10/42 A<br>ചെങ്കല്ല് ഡിസൈനിംഗ് |
| 9 | സരിത. പി | 3 | 15/140<br>ബേക്കറി |
| 10 | വി. എൻ വാസുദേവൻ | 2 | 13/343, 346,347, 348 |

| | | | |
|---|---|---|---|
| | | | ഫർണിച്ചർ നിർമാണം |
| 11 | ഷീജ. എ. ടി | 4 | 13/60 A<br>പ്രിന്റിംഗ് പ്രസ് |
| 12 | കെ. പി റഫീഖ് | 7 | 1/468<br>ഫർണിച്ചർ നിർമാണം |
| 13 | ടി. എൻ അഷ്റഫ് | 3 | 15/95 A,B,C,H,I,K,L,M<br>അനാദിക്കട |
| 14 | സി. എച്ച് അബ്ദുൾ സലാം | 2 | I/282,283<br>ഹോട്ടൽ |
| 15 | രാജീവൻ | 2 | 10/203 A<br>പലചരക്ക് കട |
| 16 | കനകദാസ് | 6 | 4/283<br>ഹോട്ടൽ |
| 17 | സെക്രട്ടറി,തൃക്കടാരിപ്പൊയിൽ ക്ഷീരോല്പാദക സംഘം | 3 | 6/451 |
| 18 | സെക്രട്ടറി,കാഞ്ഞിലേരി ക്ഷീരോല്പാദക സംഘം | 2 | 13/251 |

2. 2021-22 വർഷം താഴെപ്പറയുന്നവരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

1) തോലമ്പ്ര, ശിവപുരം വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി.

2) 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ

3) ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ.

4) ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ ആവശ്യങ്ങൾക്കു നിയമിച്ച ഡ്രൈവർമാർ.

5)അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി.

6) ഗ്രാമ പഞ്ചായത്ത് 2021-22 വർഷം വിവിധ ആവശ്യങ്ങൾക്ക് ദിവസ വേതനത്തിന് നിയമിച്ച ജീവനക്കാരുടെ തൊഴിൽ നികുതി.

7) ശിവപുരം ട്രേഡിംഗ് കമ്പനി, ഇൻഡോർ ട്രേഡിംഗ് കമ്പനി എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി.

8) ഐക്കൺ ഹോംസ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി.

9) ആയിത്തറ ക്വാറി ജീവനക്കാരുടെ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി

10) ബി എസ് എൻ എൽ, മാലൂരിലെ ജീവനക്കാരുടെ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി.

11) പ്രിൻസ് ട്രേഡ് ലിങ്ക്സ്, ക്യൂബി കെയർ, എം.ടി.സി സൂപ്പർ മാർക്കറ്റ് എന്നീ സ്ഥാപനങ്ങളിലെ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി.

മേല്പറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(4/13.02,23) മറുപടി ലഭ്യമാക്കിയിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ സ്ഥാപനങ്ങളുടെ മേൽ കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തുക മുഴുവനായും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് സെക്ഷൻ 205(സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നല്കി വിവരങ്ങൾ ശേഖരിക്കേണ്ടതും വരുമാനം കണക്കാക്കാൻ നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 വിമുക്ത ഭടന്മാരുടെ വീടുകൾക്ക് വസ്തുനികുതി ഇളവ്-സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്ക് ഇളവ് നല്കി

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26-05-2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം / സത്യവാങ്മൂലം ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണെന്നും ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ.(സാധ)1014/2021/തസ്വഭവ തീയതി 19.05.2021 ഉത്തരവ് പ്രകാരം 2021-22 വർഷത്തെ നികുതി ഇളവിനായുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ട തീയതി 30-6-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയർ അപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ടുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ 2021-22 വർഷം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സമയ പരിധിക്കുള്ളിൽ സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 3/20 | കണ്ണോത്ത് വീട്ടിൽ സജീവൻ |
| 2 | 3/162 A | ചെക്യോടൻ രഞ്ജിത്ത് |
| 3 | 1/46 B | സജീവൻ |
| 4 | 3/37 | അശോകൻ |
| 5 | 3/111 | വിജയൻ |
| 6 | 3/319 | മാധവി അമ്മ |
| 7 | 3/333A | സൗമിനി |
| 8 | 3/282 | സുരേന്ദ്രൻ |
| 9 | 4/79 | ഗോവിന്ദൻ നമ്പ്യാർ |
| 10 | 4/187 | സഹജൻ |
| 11 | 5/34 | മോഹനൻ |
| 12 | 6/183 A | സുദീപ് |
| 13 | 6/182 | വസന്ത |
| 14 | 8/59 | കനകലത. കെ |
| 15 | 8/115 | യശോദ |
| 16 | 8/259 | രവീന്ദ്രൻ |
| 17 | 8/59 | സ്വപ്ന |
| 18 | 8/143 | രജനി |
| 19 | 9/409 | മേരി ജോർജ് |
| 20 | 9/419 A | ജേക്കബ് |
| 21 | 9/419 C | വീണ |
| 22 | 9/351 | ഗണേഷ് |
| 23 | 10/278 | സദാനന്ദൻ |
| 24 | 10/347 | മാധവി |
| 25 | 11/80 A | ഷിനോജ് |
| 26 | 11/77 | സാവിത്രി |
| 27 | 11/224 | ശൈലജ |
| 28 | 12/237 | ദിവാകരൻ |
| 29 | 11/240 | സദാനന്ദൻ |
| 30 | 13/10 | ഉഷ |
| 31 | 12/373 | ബാലൻ നമ്പ്യാർ |

| | | |
|---|---|---|
| 32 | 13/17 A | ശശീന്ദ്രൻ |
| 33 | 13/303 | ഭാസ്കരൻ |
| 34 | 13/313 | കൃഷ്ണൻ നമ്പ്യാർ |
| 35 | 13/314 | സജീവൻ |
| 36 | 13/360 | രാധവൻ |
| 37 | 14/137 | മോഹനൻ |
| 38 | 14/95 | വി. തങ്കമ്മ |
| 39 | 14/295 | ഹരീന്ദ്രൻ |
| 40 | 14/301 | വാസു |
| 41 | 14/317 | മാധവി അമ്മ |
| 42 | 14351 | വിജയലക്ഷ്മി |
| 43 | 14/375 | വേലായുധൻ നമ്പ്യാർ |
| 44 | 14/360 | ദേവി |
| 45 | 14/483 | കാർത്യായനിയമ്മ |
| 46 | 3/20 | രാമകൃഷ്ണൻ |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം ഇല്ലാതെ നികുതി ഇളവ് അനുവദിച്ച മേൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് ലഭിക്കുന്നതിനായി സമയ പരിധിക്കുള്ളിൽ സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാകുന്നതിന് 2/13-02-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവരിൽ നിന്നും ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതാണ്. അപാകങ്ങൾ പരിഹരിക്കേണ്ടതും സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്തവർക്കും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനപ്രകാരം നികുതി ഒഴിവാക്കിയ കെട്ടിടങ്ങളിൽ ഉൾപ്പെടാത്തവർക്കും ഇളവ് നൽകുന്നത് ഒഴിവാക്കേണ്ടതുമാണ്.

## 1-13 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നം | ഇനം | നിരക്ക് / ച.മീ |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 $M^2$ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ കെട്ടിടം. | 30 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 $M^2$ ന മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ കെട്ടിടം.. | 50 |

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയറിൽ നിന്നുള്ള

റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല എന്ന് കാണാൻ സാധിച്ചു.

| ക്രമ നം | ഉമസ്ഥന്റെ വിലാസം | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) | നിർണ്ണയിച്ച നികുതി (₹/M2) | നിർണ്ണയിക്കേണ്ട നികുതി (₹/M2) |
|---|---|---|---|---|---|
| 1 | ആലമ്പത്ത് നൂർജഹാൻ | 1/259 A,B, C,D,E,F,G,H,I,J | 46+46+23+27+27+18+18+27+63.958+150 ആകെ-445.958 | 30 | 50 |
| 2 | കൊക്കോടൻ കരുണാകരൻ നമ്പ്യാർ | 8/154 A, B, C,D,E,F,G,H,I,J,K | 19.21+20.46+18.81+19.8+20.79+11.22+ 23.1+19.8+19.8+21.45+20.45 ആകെ-214.89 | 30 | 50 |

മേൽ അപാകത സംബന്ധിച്ച് 3/13.02.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീൽഡ് പരിശോധന നടത്തി ഇത്തരത്തിലുള്ള കെട്ടിടങ്ങളെ കണ്ടെത്തി ഉടമസ്ഥരിൽ നിന്ന് നികുതിയിനത്തിൽ കുറവ് വന്ന തുക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സഞ്ചയയിൽ വസ്തു നികുതി കണക്കാക്കിയതിലുള്ള അപാകത പരിഹരിക്കേണ്ടതുമാണ്. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവർ -വസ്തു നികുതി കുടിശ്ശിക ഈടാക്കിയില്ല

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 13 മൊബൈൽ ടവറുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ അപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ടുകൾ പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഇനത്തിൽ ഓഡിറ്റ് കാലയളവിൽ താഴെപ്പറയുന്ന തുക കുടിശ്ശിക ഉള്ളതായി കാണാൻ സാധിച്ചു.

| വാർഡ് നം./ കെട്ടിട നം. | മൊബൈൽ ടവറിന്റെ വിവരം | കുടിശ്ശിക കാലയളവ് | വസ്തുനികുതി (രൂപ) | കുടിശ്ശിക തുക |
|---|---|---|---|---|
| 1/420 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 2021-22 ഒന്നാം അർദ്ധ വർഷം മുതൽ കുടിശ്ശിക | ₹ 3899 | ₹7797 |
| 1/308 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 2021-22 ഒന്നാം അർദ്ധ വർഷം മുതൽ കുടിശ്ശിക | ₹ 930 | ₹ 1859 |
| 1/309 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 2021-22 ഒന്നാം അർദ്ധ വർഷം മുതൽ കുടിശ്ശിക | ₹ 2625 | ₹ 5250 |
| 4/89 B | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 2020-21 ഒന്നാം അർദ്ധ വർഷം മുതൽ കുടിശ്ശിക | ₹ 3899 | ₹ 15594 |
| ആകെ | | | | ₹ 30500 |

മൊബൈൽ ടവറിൽ നിന്നും നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് 5/13.02.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി കുടിശ്ശിക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1. 2021-22 സാമ്പത്തിക വർഷത്തെ ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റർപ്രണർഷിപ്പ്, ആക്ടിവിറ്റീസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടു.

| വാർഡ് നമ്പർ/ കെട്ടിട നമ്പർ | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ /സംരംഭം |
|---|---|---|
| 12/159,160,161 | എൻ. വിജേഷ് | സിമന്റ് കച്ചവടം |
| 15/40 | തിരുവങ്ങാടൻ മഹ്റൂഫ് | ഹാർഡ് വെയർ |
| 6/107 A B | വി. ഹാരിസ് | അനാദിക്കട |
| 1/41 A | ശ്രീജി. കെ. പി | ബാർബർ ഷോപ്പ് |
| 2/136, 137 | അബ്ദുൾ റഹിമാൻ. ബി. കെ | അനാദിക്കട |
| 5/52 A | ജംഷീർ ചിത്തയിൽ | പച്ചക്കറി വില്പന |
| 13/36 B C | അബദുൾ നാസർ | അനാദിക്കട |
| 8/173 | രഘുനാഥൻ. കെ | ഹോട്ടൽ |
| 8/172 | രഘുനാഥൻ. കെ | അനാദിക്കട |
| 1/286 | ഷാജഹാൻ. എ | മത്സ്യ വില്പന |
| 15/40 | കാദർ. വി. കെ | അനാദിക്കട |
| 5/243,244 | അഫ്സൽ ചെമ്പിലായി | അനാദിക്കട |
| 2/325 A | ചാത്തോത്ത് ഖാദർ | അനാദിക്കട |
| 12/53 | കുഞ്ഞികൃഷ്ണൻ | കാറ്ററിംഗ് |
| 4/143 | ഷിബു ഗണപതിയാടൻ | പൂജസ്റ്റോർ |
| 3/234 | കാരായി പുരുഷോത്തമൻ | ബാർബർ ഷോപ്പ് |

മേൽപ്പറഞ്ഞവരിൽ നിന്നും ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്യാത്തതിന്റെയും ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (4/13.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേല്പറഞ്ഞവരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ സ്ഥാപനങ്ങളുടെ മേൽ 1994- ലെ കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 255 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. മാലൂർ ഗ്രാമപഞ്ചായത്തിൽ ആകെ 1669 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2021-22 വർഷം ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റർപ്രണർഷിപ്പ്, ആക്ടിവിറ്റീസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 1669 കെട്ടിടങ്ങളിൽ 308 സ്ഥാപനങ്ങൾ മാത്രമെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ. 2021-22 വർഷം 342 കെട്ടിടങ്ങൾ മാത്രമേ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളൂ. ഈ പൊരുത്തക്കേടുകൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (4/13.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമാകാനും സാധ്യതയേറെയാണ്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിക്കേണ്ടതും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-16 സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഫീസ് ഈടാക്കിയിട്ടില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2021-22 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ

നടത്തിയിട്ടില്ല.(എഫ് ടി ഇ &ഒ എസ് രജിസ്റ്റർ അടിസ്ഥാനമാക്കിയാണ് വിവരങ്ങൾ ശേഖരിച്ചത്)

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിടനമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|---|
| 1. | 6/376 | അനശ്വര. എം, ഹോമിയോ ക്ലിനിക്ക് |
| 2. | 15/131 B | ഡോ: ശ്രീലക്ഷ്മി, വി ഹോമിയോ ക്ലിനിക്ക് |
| 3. | 15/132 | അമ്പിളി. വി. വി ആയുർവേദ ചികിത്സ |
| 4. | 15/118 D | നിർമൽ വിദ്യാധരൻ ആയുർവേദ ചികിത്സ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (23/14.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്ട്രേഷൻ ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം (8) പ്രകാരമുള്ള 5000 രൂപ നിരക്കിലുള്ള പിഴ ശിക്ഷയും ചുമത്താവുന്നതാണ്.

## 1-17 ഇ-ടെണ്ടർ ഫീസ്-തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇ-ടെണ്ടർ ഫീസ് ഇനത്തിലെ വരവ് 2017-18 സാമ്പത്തിക വർഷം വരെ കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ്(SBI) ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. 2017 -18 വർഷം വരെ 260238 രൂപ പ്രസ്തുത അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും 21500 രൂപ ഗ്രാമ പഞ്ചായത്തിന് ഇതിനകം ലഭിച്ചിട്ടുണ്ട് . ബാക്കി വരുന്ന 238738 രൂപ തിരികെ ലഭിക്കുവാൻ ആവശ്യമായ തുടർ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്

## 1-18 അപകടാവസ്ഥയിലായ മരം മുറിച്ചുമാറ്റൽ - വിശദ വിവരം ലഭ്യമല്ല-15,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ 22100187, തീയതി 01-06-2021

മാലൂർ ഗ്രാമ പഞ്ചായത്തിലെ പാലുകാച്ചിപ്പാറ – പൂവ്വംപൊയിൽ പട്ടാരി റോഡരികിൽ അപകട ഭീഷണി ഉയർത്തിയ തണൽ മരം മുറിച്ചുമാറ്റിയ ഇനത്തിൽ രവീന്ദ്രൻ. പി.കെ എന്ന വ്യക്തിക്ക് മേൽ വൗച്ചർ പ്രകാരം 15,000 രൂപ അനുവദിച്ചിട്ടുണ്ട്. ഈ മരം പഞ്ചായത്ത് ഭൂമിയിലാണോ, അല്ലെങ്കിൽ സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണോ ഉണ്ടായിരുന്നത് എന്നോ, മുറിച്ച മരം എന്തു ചെയ്തു എന്നോ ഉള്ള വിവരം ഫയലിലില്ല. മരം പഞ്ചായത്ത് ഭൂമിയിലായിരുന്നെങ്കിൽ മരം ലേലം ചെയ്ത് വിറ്റ് തുക പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതായിരുന്നു. മരം സ്വകാര്യ വ്യക്തിയുടെ ഭൂമിയിലായിരുന്നെങ്കിൽ മരം മുറിക്കുന്നതിനായി ചെലവായ തുക അവരിൽനിന്ന് ഈടാക്കേണ്ടതായിരുന്നു. ഇതു സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (25/15-02-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ മരം മുറിച്ചുമാറ്റുന്നതിനായി ചെലവവഴിച്ച 15,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹1,50,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ, തീയതി, തുക 22100066/25-09-2021, ₹1,50,000

മഴക്കാല പൂർവ്വ ശുചീകരണത്തിന് `ഒരു വാർഡിന് 10000 രൂപ നിരക്കിൽ 15 വാർഡുകൾക്കായി ശുചിത്വ മിഷൻ ഫണ്ടിൽ നിന്ന് ₹1,50,000 മെഡിക്കൽ ഓഫീസർ,പി.എച്ച്.സി ക്ക് നൽകിയിട്ടുണ്ട്. തുക വാർഡ് സാനിറ്റേഷൻ സമിതികൾക്ക് കൈമാറിയതിന്റെ രേഖകൾ, വാർഡ് സാനിറ്റേഷൻ സമിതികൾ പ്രസ്തുത തുക ചെലവഴിച്ചതിന്റെ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ സൂക്ഷിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (28/15-02-2023) മറുപടി നല്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹1,50,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേല്പറഞ്ഞ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 പുതുക്കിയ സർക്കാർ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പ് ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചു.

ജി.ഒ.(പി) 152/2020/ഫിൻ തീയതി 05-11-2020 പ്രകാരം ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം 01-06-2021 വരെ അനുവദിക്കുകയില്ല എന്ന് പരാമർശിച്ചിട്ടുണ്ട്. ജി.ഒ.(പി) 104/2021/ഫിൻ തീയതി 26-07-2021 പ്രകാരം 01-06-2021 തീയതി മുതൽ പ്രാബല്യത്തിൽ സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ആയത് പരിഗണിക്കാതെ താഴെ പറയുന്ന ജീവനക്കാർക്ക് ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് ഉദ്യോഗപേര് | വൗച്ചർ നമ്പർ തീയതി തുക | അനുവദിച്ച തുക |
|---|---|---|---|
| 1 | ശ്രീ.ദാസൻ നിട്ടൂർ, അസിസ്റ്റന്റ് സെക്രട്ടറി | 22100194/05-06-2021, 450522 | 72372 |
| 2 | ശ്രീ.സാരജൻ .എം.പി, ഹെഡ്ക്ലാർക്ക് | | 57054 |
| 3 | ശ്രീമതി. ദിവ്യ.എ.കെ അക്കൗണ്ടന്റ് | | 51837 |
| 4 | ശ്രീമതി. ദീപ.കെ.കെ, സീനിയർ ക്ലാർക്ക് | | 42513 |
| 5 | ശ്രീ. രാജേഷ് പുതിയ വീട്ടിൽ, സീനിയർ ക്ലർക്ക് | | 49395 |
| 6 | ശ്രീമതി. ഷിജിന.എസ്.എം, സീനിയർ ക്ലാർക്ക് | | 55722 |
| 7 | ശ്രീ.ധനേഷ്.എം, ക്ലാർക്ക് | | 37518 |
| 8 | ശ്രീ.. സെൽവ കുമാർ തെക്കേവീട്ടിൽ, ക്ലാർക്ക് | | 53058 |
| 9 | ശ്രീ. സരിക. പി, ക്ലാർക്ക് | | 31053 |
| | ആകെ | | 450522 |

വ്യക്തമായ നിർദ്ദേശം ലഭിക്കുന്നതിന് മുമ്പ്, സർക്കാർ ഉത്തരവിന് അനുസൃതമായല്ലാതെ ലീവ് സറണ്ടർ ആനുകൂല്യം നല്കിയതിന്റെ കാരണം അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (24/15-02-2023) നിയന്ത്രണം നിലവിലുണ്ടായിരുന്ന 31.05.2021 വരെ ലീവ് സറണ്ടർ അനുവദിച്ചിട്ടില്ലെന്നും ഉത്തരവ് പ്രാബല്യത്തിൽ ഇല്ലാത്ത കാലത്താണ് സറണ്ടർ അനുവദിച്ചതെന്നും 26.07.21 ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ കൈപ്പറ്റിയ തുക തിരിച്ചടക്കാൻ നിർദ്ദേശം ഇല്ലാത്തതിനാലാണ് തുടർനടപടികൾ സ്വീകരിക്കാതിരുന്നതെന്നും ആണ് സെക്രട്ടറി മറുപടി നല്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ സർക്കാറിൽ നിന്നുള്ള തുടർ നിർദ്ദേശത്തിനനുസരിച്ച് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 സാക്ഷരതാ പ്രേരക് മാർക്ക് ഹോണറേറിയം-തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാക്ഷരതാ പ്രേരക് മാർക്ക് ഹോണറേറിയം നൽകുന്നതിനായി ₹14160 തനത് ഫണ്ടിൽ നിന്ന് താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | പേര് | കാലയളവ് | തുക | വൗച്ചർ നമ്പർ/തീയ്യതി |
|---|---|---|---|---|
| 1 | പ്രസന്ന. പി | ഫെബ്രുവരി 2021 | 8448 | 22100203, 07-06-2021 |
| 2 | പ്രസന്ന. പി | മാർച്ച് 2021 | 9600 | 22100204, 07-06-2021 |
| 3 | പ്രമീള. ഇ.വി | ഫെബ്രുവരി 2021 | 5760 | 22100206, 07-06-2021 |
| | ആകെ | | 23808 | |

സ.ഉ (സാധാ) നമ്പർ 626/2021 തീയ്യതി 26.02.2021 പ്രകാരം സർക്കാർ ഫണ്ടും സാക്ഷരതാമിഷന്റെ തനത് ഫണ്ടും ലഭ്യമാകുമ്പോൾ തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകാം എന്ന വ്യവസ്ഥയിലാണ് തനത് ഫണ്ടിൽ നിന്നും ഈ ചെലവ് നടത്തുന്നത്. ഇപ്രകാരം പ്രേരക് മാർക്ക് ഹോണറേറിയം നൽകാനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (26/15-02-2023) മറുപടി നല്കിയിട്ടില്ല. തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതും ഇല്ലെങ്കിൽ തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. B4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി ഇതേ ഹെഡിൽ രേഖപ്പെടുത്തിയ 478782 രൂപ ഏതാവശ്യത്തിന് ലഭിച്ചതാണെന്നും അറിയിക്കേണ്ടതാണ്.

## 1-22 പഞ്ചായത്ത് ഓഫീസിലേക്ക് പ്രൊജക്ടർ വാങ്ങൽ- രേഖകൾ ലഭ്യമല്ല- 80,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 85/22 പഞ്ചായത്ത് ഓഫീസിലേക്ക് പ്രൊജക്ടർ വാങ്ങൽ |
| അടങ്കൽ | ₹80,000വികസന ഫണ്ട് – ജനറൽ<br>₹10,000 തനത് ഫണ്ട്<br>ആകെ - ₹90,000 |
| ചെലവ് | ₹80,000വികസന ഫണ്ട് – ജനറൽ |
| ബിൽ നമ്പർ,തീയതി | 37/30-08-2021 |

മേൽ പ്രൊജക്ട് പ്രകാരം ജെം പോർട്ടൽ വഴി എക്സൽ ബിസിനസ്സ് സിസ്റ്റം എന്ന സ്ഥാപനത്തിൽ നിന്ന് ₹80,000 ചെലവഴിച്ച് പ്രൊജക്ടർ വാങ്ങിയിട്ടുണ്ട്. പ്രോജക്ടിന്റെ നോട്ട് ഫയലിൽ പ്രൊജക്ടർ 18-02-2022 ന് കോൺഫറൻസ് ഹാളിൽ ഫിറ്റ് ചെയ്ത് പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിൽ കോൺഫറൻസ് ഹാളിൽ പ്രൊജക്ടറിന്റെ സ്റ്റാൻഡും സ്ക്രീനും മാത്രമേ ഉള്ളൂ. പ്രൊജക്ടർ പ്രവർത്തനക്ഷമമാണോ എന്നും എങ്കിൽ എവിടെയാണ് സ്ഥാപിച്ചിട്ടുള്ളത് എന്നും പ്രവർത്തനക്ഷമമല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (18/14-02-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ടർ പ്രവർത്തനക്ഷമമാണെന്ന് തെളിയിക്കുന്ന രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിലുള്ള 80,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രൊജക്ടർ പ്രവർത്തനക്ഷമമാണെന്ന് തെളിയിക്കുന്ന രേഖകൾ സഹിതം മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 കുഴൽ കിണർ നിർമ്മാണത്തിനും മോട്ടോർ ഘടിപ്പിക്കുന്നതിനും ഭൂജല വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 121/22<br>അങ്കണവാടിക്ക് കുഴൽ കിണർ നിർമ്മാണം,പ്ലംബിങ്ങ്,മോട്ടോർ ഘടിപ്പിക്കൽ- | 122/22<br>അങ്കണവാടികളുടെ കിണറുകൾക്ക് മോട്ടോർ ഘടിപ്പിക്കൽ |
| അടങ്കൽ | ₹1,76,500,ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ₹4,00,000,ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹53,000 | ₹4,00,000 |
| ബിൽ നമ്പർ,തീയതി | 26/22-02-2022 | 25/22-02-2022 |

പ്രോജക്ട് നമ്പർ 121/22 പ്രകാരം മരുവഞ്ചേരി അങ്കണവാടിയിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനായി കുഴൽ കിണർ നിർമ്മാണം,പ്ലംബിങ്ങ്,മോട്ടോർ ഘടിപ്പിക്കൽ എന്നീ പ്രവൃത്തികൾക്കായി ₹53,000 യും, പ്രോജക്ട് നമ്പർ 122/22 പ്രകാരം മാലൂർ ഗ്രാമ പഞ്ചായത്തിലെ തോലമ്പ്ര,കാഞ്ഞിലേരി,കുന്നോത്ത് പൊയിൽ, പറമ്പൽ എന്നീ 4 അങ്കണവാടികളുടെ കിണറിന് മോട്ടോർ ഘടിപ്പിക്കുന്ന പ്രവൃത്തിക്കായി ₹4,00,000 ക്ക് ജില്ലാ ഭൂജല വകുപ്പിന്റെ

സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് (719011400000020)ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ പ്രവൃത്തി പൂർത്തീകരണ പത്രവും വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്കായി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറികൾക്ക് (20/14-02-2023, 21/14-02-2023) മറുപടി നല്കിയിട്ടില്ല. മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും, പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പ്രവൃത്തി പൂർത്തീകരണത്തിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-24 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ- ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ / പേര് | 173/22 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ |
| അടങ്കൽ | ₹2,23,000വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹2,00,551 |
| ബിൽ നമ്പർ,തീയതി | 19/14-12-2021, ₹60,054<br>32/17-03-2022 ₹24,497<br>36/22-03-2022 ₹1,16,000 |

പഞ്ചായത്ത് ഓഫീസ് സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണം നടത്തി ജനസൗഹൃദ ഓഫീസാക്കി മാറ്റുന്നതിന്റെ ഭാഗമായി മൂന്ന് ലാപ്പ് ടോപ്പ്, മൂന്ന് മൾട്ടി പർപ്പസ് ഡ്യൂപ്ലക്സ് പ്രിന്റർ, ഒരു കളർ പ്രിന്റർ എന്നിവ സി.പി.ആർ.സിഎസ് വഴിയോ ജെം പോർട്ടൽ വഴിയോ വാങ്ങുക എന്നതാണ് മേൽ പ്രോജക്റ്റിന്റെ ലക്ഷ്യം. ഇതിൽ ലാപ്പ് ടോപ്പ്, കളർ പ്രിന്റർ എന്നിവ ലഭ്യമായിട്ടുണ്ട്. ബിൽ നമ്പർ 9/14-12-2021, പ്രകാരം കെൽട്രോണിൽ നിന്ന് ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മൂന്ന് മൾട്ടി പർപ്പസ് ഡ്യൂപ്ലക്സ് പ്രിന്ററുകളുടെ വിലയായി ₹60,054 കേരള സ്റ്റേറ്റ് ഐ.ടി മിഷന് നൽകിയിട്ടുണ്ട്. എന്നാൽ പ്രിന്ററുകൾ ലഭിച്ചിട്ടുണ്ടോ എന്ന വിവരം ഫയലിൽ ലഭ്യമല്ല. പ്രിന്ററുകൾ ലഭ്യമായിട്ടുണ്ടോ എന്നും,, ലഭ്യമായിട്ടുണ്ടെങ്കിൽ അവ സ്റ്റോക്കിലെടുത്തതിന്റെ രേഖകളും, ടാക്സ് ഇൻവോയിസും പരിശോധനക്കായി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (19/14-02-2023) മറുപടി നല്കിയിട്ടില്ല. പ്രിന്ററുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ അവ സ്റ്റോക്കിലെടുത്തതിന്റെ രേഖകളും, ടാക്സ് ഇൻവോയിസും പരിശോധനക്കായി ലഭ്യമാക്കേണ്ടതും, പ്രിന്ററുകൾ ലഭ്യമായിട്ടില്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 പി.എം.എ.വൈ ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ(ജനറൽ) - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ, പേര് | 32/22, പി.എം.എ.വൈ വിഹിതം നൽകൽ |
| അടങ്കൽ | ₹100000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹100000 ,<br>24/2021-22, 16-3-22 |

പി.എം.എ.വൈ പദ്ധതിയിൽ ഉൾപ്പെട്ട ജനറൽ വിഭാഗം ഗുണഭോക്താക്കൾക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകുന്നതിനായുള്ള തുക ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നതിന് തയ്യാറാക്കിയ മേൽ പ്രോജക്ട് പ്രകാരം ₹100000 പിൻവലിച്ച് പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 799011400001796) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 31-03-2022 ന് പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കത്തയച്ചിട്ടുണ്ട് (കത്ത് നമ്പർ എ1-494//21). വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്നറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (9/13-02-2023) മറുപടി നല്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-26 ഐ.കെ.എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 31/22 ഐ.കെ.എം വിഹിതം നൽകൽ |
| അടങ്കൽ | ₹35000 വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹35000 ബിൽ നമ്പർ : 7/06-07-2021 |

ഐ.കെ.എം വിഹിതം നൽകൽ എന്ന മേൽ പ്രൊജക്ട് പ്രകാരം ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ₹35000 കൈമാറിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഐ.കെ.എം യിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ആയത് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-27 എസ് എസ് എ വിഹിതം നൽകൽ - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, |
| പ്രോജക്ട് നമ്പർ, പേര് | 86/22, എസ്.എസ്.എ. വിഹിതം നൽകൽ |
| അടങ്കൽ | ₹1202676 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹1202676 |
| ബിൽ നമ്പർ, തീയതി | 2122045200560034O175, തീയതി 25-08-2021 (₹839100)<br>21220452005601381992, തീയതി 19-03-2022 (₹363576) |

1. സമഗ്ര ശിക്ഷാ പദ്ധതിയുടെ സംസ്ഥാന സർക്കാർ വിഹിതമായ 40% തുകയിൽ എലിമെന്ററി വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്കായുള്ള തുക തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിന്റെ ഭാഗമായി എസ്.എസ്.കെ സംസ്ഥാന പ്രോജക്ട് ഡയറക്ടറുടെ 27-7-2021 ലെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ 2021-22 ലെ ആന്വൽ വർക്ക് പ്ലാൻ & ബഡ്ജറ്റ് പ്രകാരം ഡിമാന്റ് ചെയ്ത 2340962/- രൂപയിൽ 1202676/-രൂപ മേല്പറഞ്ഞ ബിൽ പ്രകാരം പിൻവലിച്ച് കണ്ണൂർ ജില്ലാ എസ്.എസ്.കെ പ്രോജക്ട് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്ക് (7990012700001800) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എസ്.എസ്.കെ കണ്ണൂർ ജില്ലാ പ്രോജക്ട് ഡയറക്ടർ തുക കൈപ്പറ്റിയതിന്റെ രശീതി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും 2021-22 വർഷത്തെ പദ്ധതിയുടെ ചെലവ് വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എസ്.എസ്.എ പദ്ധതികൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണസ്ഥാപനം മുഖ്യ പങ്ക് വഹിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2021-22 വർഷത്തേക്ക് എസ്. എസ്.കെ ആവിഷ്കരിച്ച പദ്ധതികളിൽ പഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ പരിഗണിച്ചതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ആന്വൽ വർക്ക് പ്ലാൻ പ്രകാരം 31-03-2021 വരെ കുടിശിക ആയിട്ടുള്ള തുക 1188275രൂപയാണ് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് വർഷാവർഷം പദ്ധതിക്ക് തുക കൈമാറുന്നുണ്ടെങ്കിലും ഇതുവരെ ആകെ കൈമാറിയ തുകയുടെ വർഷം തിരിച്ചുള്ള സംക്ഷിപ്തം ലഭ്യമല്ല. പഞ്ചായത്ത് പലപ്പോഴും എസ്.എസ്.കെ വർഷാവർഷം ഡിമാൻഡ് ചെയ്യുന്ന തുക മുഴുവനായും നൽകാറില്ല. ആയതു കൊണ്ട് തന്നെ വർഷം തിരിച്ച് ഒടുക്കുവാൻ ബാക്കി നിൽക്കുന്ന തുക എത്രയാണെന്ന് കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എസ്.എസ്.കെ ഇപ്പോൾ വരെ കുടിശിക ആയി പരാമർശിച്ച തുകയുടെ ആധികാരികത ഉറപ്പു വരുത്തുവാൻ ആവശ്യമായ കണക്കുകളും കാലികമായി വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ രജിസ്റ്ററും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3. തുകയുടെ വിനിയോഗം സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/13-02-2023) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. അപാകങ്ങൾ പരിഹരിച്ച വിവരം അറിയിക്കേണ്ടതാണ്.

## 1-28 തുടർ സാക്ഷരത/പ്ലസ്സ് തുല്യതാ പഠനം - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 88/22, തുടർ സാക്ഷരത/പ്ലസ്സ് തുല്യതാ പഠനം |
| അടങ്കൽ ₹50000 | ₹20000 (വികസന ഫണ്ട്, ജനറൽ)<br>30000 (തനത് ഫണ്ട്) |
| ചെലവ് | ₹20000 (വികസന ഫണ്ട്, ജനറൽ) |
| ബിൽ നമ്പർ, തീയതി | BRN No. 2122045200560138 1998, 19-03-2022 |

തുല്യത പരീക്ഷകൾക്കുവേണ്ടി മാലൂർ ഗ്രാമ പഞ്ചായത്തിലെ തുടർവിദ്യാ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത ഹയർ സെക്കന്ററി പ്ലസ് വൺ പഠിതാക്കളുടെ കോഴ്സ് ഫീസ് സാക്ഷരത മിഷനിൽ ഒടുക്കുന്നതിനാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയത്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തി വരുന്ന ഹയർ സെക്കന്ററി തുല്യത കോഴ്സിൽ 8 പഠിതാക്കളെ രജിസ്റ്റർ ചെയ്യിക്കുകയും,ഒരു പഠിതാവിന് ₹ 2500 പ്രകാരം 8 പഠിതാക്കൾക്കുള്ള കോഴ്സ് ഫീസായി 20000 രൂപ സാക്ഷരത മിഷൻ ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട് (ഹയർസെക്കന്ററി തുല്യത അക്കൗണ്ട് നമ്പർ UCBA 02880100113107 ലേക്ക്). പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) തുക കൈപ്പറ്റിയതായുള്ള സംസ്ഥാന സാക്ഷരത മിഷനിൽ നിന്നുള്ള ഒറിജിനൽ രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ച പരീക്ഷ എഴുതിയത് സംബന്ധിച്ച വിവരം ലഭ്യമല്ല

3) പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തുവാൻ ആവശ്യമായ മോണിറ്ററിങ് റിപ്പോർട്ട് ലഭ്യമല്ല

അപാകങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/13-02-2023) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ- അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 89/22, പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ |
| അടങ്കൽ | ₹39667 വികസന ഫണ്ട് (എസ്.സി.പി.) |
| ചെലവ് | ₹39667 വികസന ഫണ്ട് (എസ്.സി.പി.) |
| ബിൽ നമ്പർ, തീയതി | BRN No. 21220452005600566 8828, 27-10-2021 |

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകൽ പദ്ധതിക്കായി വികസന ഫണ്ടിൽ (എസ്.സി.പി.) നിന്നും ബിൽ നമ്പർ 21220452005600566 8828 തീയ്യതി 27-10-2021 പ്രകാരം 39667/- രൂപ ചെലവഴിച്ചിട്ടുണ്ട്. സിഡ്കോ കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ 046 തീയ്യതി 07-10-2021 പ്രകാരം ₹24922 ക്ക് 8 സ്റ്റീൽ മേശകളും ₹14745-ക്ക് 8 കസേരകളുമാണ് പദ്ധതിക്കായി വാങ്ങിയത്. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

1) ഫർണിച്ചറുകൾ വാങ്ങിയ സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ ചമച്ചിട്ടില്ല.

2) ഈ പദ്ധതി പ്രകാരമുള്ള വാങ്ങലുകൾ പർച്ചേസ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകരിച്ച മിനുട്സ്, ലഭ്യമാക്കിയ ഫർണിച്ചറുകളുടെ ഗുണനിലവാരം പരിശോധിച്ചതിന്റെ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നീ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. അമൽ ഷാജി, അമായ നിവാസ്, മാലൂർ പി ഒ എന്ന ഗുണഭോക്താവായ വിദ്യാർത്ഥിക്ക് തലശേരി താലൂക്ക് തഹസിൽദാർ അനുവദിച്ച No.59554683/22-09-2021 കമ്മ്യൂണിറ്റി സാക്ഷ്യപത്രം പ്രകാരം ടി ഗുണഭോക്താവ് മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിൽ താമസിക്കുന്ന എന്നാണ് ചേർത്തിട്ടുള്ളത്. ആയതിനാൽ മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായം കൈപ്പറ്റിയിട്ടില്ല എന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമല്ല. ആയതു ലഭ്യമാക്കേണ്ടതാണ്.

അപാകങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/13-02-2023) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. അപാകങ്ങൾ പരിഹരിച്ച വിവരം അറിയിക്കേണ്ടതാണ്.

## 1-30 സ്മാർട്ട് ആയുർവേദ ഡിസ്പെൻസറി - അപാകങ്ങൾ

മാലൂർ ഗ്രാമ പഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറി സ്മാർട്ട് ആക്കുന്നതിന് കമ്പ്യൂട്ടർ വാങ്ങി നല്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനായി ബിൽ പ്രകാരം ₹83120 ചെലവ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| പ്രോജക്ടിന്റെ നമ്പർ, പേര് | 106/22, സ്മാർട്ട് ആയുർവേദ ഡിസ്പെൻസറി |
| അടങ്കൽ | ₹83120 സംരക്ഷണ ഗ്രാന്റ് റോഡ് ഇതരം |
| ചെലവ് | ₹83120 സംരക്ഷണ ഗ്രാന്റ് റോഡ് ഇതരം |
| ബിൽ നമ്പർ, തീയതി | BRN No. 2122045200610108O997/ 08-02-2022 ₹ 39797<br>BRN No. 2122045200610O705122/ 26-02-2022 ₹ 20018<br>BRN No. 2122045200610l214698/ 26-02-2022 ₹ 23305 |

കെൽട്രോണിൽ നിന്ന് ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സ് നം TVM/ITGB/P1/RC/33861/20-21 Dated 20-01-2022 ന്റെ അടിസ്ഥാനത്തിൽ ഒരു Desktop കമ്പ്യൂട്ടർ വിലയായി ( Intel Core I3 Windows 10 Professional ) 39797 രൂപ കേരള സ്റ്റേറ്റ് ഐ.ടി മിഷന് നൽകിയിട്ടുണ്ട്. കെൽട്രോണിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നുള്ള യഥാർത്ഥ GSTടാക്സ് ഇൻവോയിസ് ബില്ല് ( PYSI 22008827/05-05-2022, Acer India Limited ) പ്രകാരം ബില്ലിൽ കാണിച്ച തുക 38266 രൂപയാണ്. 1531 രൂപയുടെ വ്യത്യാസം എന്താണെന്ന് വ്യക്തമല്ല .

അപാകങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/13-02-2023) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. അപാകങ്ങൾ പരിഹരിച്ച വിവരം അറിയിക്കേണ്ടതാണ്.

## 1-31 മരുന്ന്,ഉപകരണങ്ങൾ മുഴുവനായും ലഭ്യമായിട്ടില്ല

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ PHC | |
| പ്രോജക്ട് നമ്പർ/ പേര് | 78/22 മാലൂർ പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ | 81/22 ദീർഘകാല രോഗികളുടെയും മാറാരോഗികളുടെയും ഗൃഹപരിചരണത്തിനുള്ള ഹോം കെയർ സംവിധാനം |
| അടങ്കൽ | ₹200000 മെയ്ന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ആകെ | ₹800000 -വികസന ഫണ്ട്-പൊതുവിഭാഗം<br>₹150000 -ജില്ല പഞ്ചായത്ത് വിഹിതം<br>₹950000 |
| ചെലവ് | ₹200000ബിൽ നം 166/22 /13-2-2022 ആകെ | ₹768830 -വികസന ഫണ്ട്-പൊതുവിഭാഗം<br>₹148190 -ജില്ല പഞ്ചായത്ത് വിഹിതം<br>₹917020 |

1.പ്രൊജക്റ്റ് നം 78/22 പ്രകാരം പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ₹200000 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ₹177021 യുടെ മരുന്ന് ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി ₹ 22979യുടെ മരുന്ന് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമല്ല

2.പ്രൊജക്റ്റ് നം 81/22 പ്രകാരം കിടപ്പു രോഗികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി ബിൽ നം 19/21-22 /19-3-22 പ്രകാരം 148190 രൂപയും ബിൽ നം 12/21-22 /11-1-22 പ്രകാരം മരുന്ന് വാങ്ങുന്നതിനായി 300000 രൂപയും കേരളമെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. 145043 രൂപയുടെ ഉപകരണങ്ങളും 206298 രൂപയുടെ മരുന്നും ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 3147 രൂപയുടെ ഉപകരണങ്ങളും 93702 രൂപയുടെ മരുന്നും ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമല്ല.
മേൽ വിഷയം സംബന്ധിച്ച് നല്കിയ 17/14-2-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന്, ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഇൻവോയ്സ് സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. മരുന്ന്,ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടില്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രോജക്റ്റ് നമ്പർ / പേര് | 65/22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹125000 വികസന ഫണ്ട് -പൊതുവിഭാഗം<br>₹500000 സംസ്ഥാനാവിഷ്കൃത ഫണ്ട്.<br>₹375000 തനത് ഫണ്ട്<br>₹1000000 മറ്റുള്ളവ<br>ആകെ : ₹2000000 |
| ചെലവ് | ₹125000 ബിൽ നമ്പർ :2/22/26-10- 21.<br>₹375000 തനത് ഫണ്ട് :3/21-22/27-10-21.<br>ആകെ - ₹500000 |

2021-22 സാമ്പത്തിക വർഷത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി ₹500000 എസ്. എൽ. ബി. പി ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ എന്നവർക്ക് കൈമാറിയിട്ടുണ്ട്. 80 ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മുഴുവൻ ഗുണഭോക്താക്കളും പദ്ധതിയിൽ തുടരുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും പദ്ധതിയിൽ നിന്നും ഒഴിവായിട്ടുള്ള ഗുണഭോക്താക്കളുണ്ടെങ്കിൽ സബ്സിഡി വിഹിതം ബാക്കി തുക തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ്.എൽ.ബി.പി യിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-33 ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് അർഹമായ ആനുകൂല്യം ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 1/22 ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് |
| അടങ്കൽ | ₹7,00,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹ 2,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹ 3,00,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ - ₹12,00,000 |
| ചെലവ് തുക,ബിൽ നം, തുക | ₹ 7,00,000 വികസന ഫണ്ട്(പൊതു വിഭാഗം),<br>(ബിൽ നം. 3/23-02-2022 )<br>₹ 2,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>(ബിൽ നം. 1/17-02-2022) |

| | |
|---|---|
| | ₹ 51,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>(ബിൽ നം. 4/23-02-22)<br>ആകെ ചെലവ് - ₹9,51,000 |

14-02-2018 ലെ സർക്കാർ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6-2 (8) പ്രകാരം 40,000 രൂപ വാർഷിക പരിധിക്ക് വിധേയമായി, കർഷകർ ക്ഷീര സംഘത്തിൽ നല്കുന്ന ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ ( ക്ഷീര വികസന വകുപ്പ് നല്കുന്ന ഒരു രൂപ ഉൾപ്പെടെ ) സബ്സിഡി അനുവദിക്കേണ്ടതാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ക്ഷീരകർഷകർക്ക് 2021 ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിലെ സബ്സിഡി മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (7/13-02-2023) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടില്ല. ഫണ്ടില്ലാത്തതിനാലാണ് അർഹമായ സബ്സിഡി അനുവദിക്കാൻ സാധിക്കാതിരുന്നതെങ്കിൽ ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ സബ്സിഡിയും ലഭ്യമാക്കാൻ ആവശ്യമായ തുക പ്രോജക്ടിൽ ഉൾപ്പെടുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 പൊതു മരാമത്ത് പ്രവൃത്തികൾ പൊതുവായ അപാകങ്ങൾ

2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 71 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 47 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വിശദമായ വിവരം ചുവടെ ചേർക്കുന്നു.

| 2021-22 വർഷം | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയത് | നടപ്പാക്കാത്തത് |
|---|---|---|---|
| പുതിയ പ്രോജക്ടുകൾ | 51 | 30 | 21 |
| സ്പിൽഓവർ പ്രോജക്ടുകൾ | 20 | 17 | 3 |
| ആകെ | 71 | 47 | 24 |

1. 2021 -22 വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 20 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 3 പ്രൊജക്ടുകൾ തൻവർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

പൊതുമരാമത്ത് പ്രോജക്ടുകൾ അടുത്ത വർഷത്തേക്ക് സ്പിൽ ഓവറാകുന്നത് പദ്ധതി പ്രവർത്തനങ്ങളിലെ ആസൂത്രണ നിർവഹണ ഘട്ടങ്ങളിലെ വീഴ്ചകൾ കാരണമാണ്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ലഭ്യമായ ഫണ്ട് ഫലപ്രദമായ രീതിയിൽ വിനിയോഗിക്കാനാവുന്നില്ല. സ്പിൽഓവർ പ്രവൃത്തികൾ വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ഏറ്റെടുക്കുന്ന പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കാൻ ആവശ്യമായ പ്രായോഗിക ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. ഇത്രയധികം സ്പിൽഓവർ പ്രോജക്ടുകൾ ഉണ്ടായത് എങ്ങനെ എന്ന് ഭരണസമിതി വിശകലനം നടത്തേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. പൊതു മരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെയ്ക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും ചെയ്യുന്നില്ല

1997- ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ചട്ടം-17 (3) പ്രകാരം പഞ്ചായത്ത് നടത്തുന്ന പൊതു മരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അതായത് പണിയുടെ പേർ, പണി ചെയ്യിക്കുന്നത് കരാർ വ്യവസ്ഥയിലോ, പഞ്ചായത്ത് നേരിട്ടോ, ഗുണഭോക്തൃ സമിതി മുഖേനയോ എന്ന്, കരാറുകാരന്റെ അല്ലെങ്കിൽ ഗുണഭോക്തൃ സമിതി കൺവീനറുടെയും പേരും മേൽവിലാസവും, എസ്റ്റിമേറ്റ് തുകയും കാലാവധിയും, പണി തുടങ്ങിയ തിയതിയും ചെയ്തു തീർക്കേണ്ട തീയതിയും, കരാറുകാരന് അനുവദിച്ച ടെൻഡർ നിരക്ക്, പണിക്ക് വേണ്ടി നൽകിയ മുൻകൂർ തുകയുടെയും മറ്റ് ആനുകൂല്യങ്ങളുടേയും വിവരം തുടങ്ങിയവ അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് പ്രവൃത്തിയുടെ പേർ, വർഷം, പ്രവൃത്തി നടത്തുന്ന കരാറുകാരന്റെ/നിർവ്വഹണ ഏജൻസിയുടെ പേരും ഫോൺനമ്പരും, എഞ്ചിനീയറുടെ പേരും ഫോൺനമ്പരും, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെഅളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണമെന്ന് 13-ാം പദ്ധതി മാർഗ്ഗരേഖയിലും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് മേൽ നിർദ്ദേശം പാലിക്കുന്നില്ല.

3. പദ്ധതി രൂപീകരണത്തിൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല

മുൻ വർഷ പ്രൊജക്ടുകളുടെ നിർവ്വഹണം വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക എന്നിവ മുതൽ ഡാറ്റ എൻട്രിക്ക് ശേഷം പ്രൊജക്ട് പ്രിന്റ് ഔട്ട് പരിശോധിക്കുന്നതു വരെയുള്ള പ്രധാന ചുമതലകൾ വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനട്സ് പരിശോധിച്ചതിൽ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുക മാത്രമാണ് നടന്നിട്ടുള്ളത്. പ്രോജക്ടുകളുടെ ആവശ്യകത, സാധുത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ, നിർവഹണ, മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥമാണ് വർക്കിംഗ് ഗ്രൂപ്പ്. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം ഇക്കാര്യത്തിൽ നിഷ്ക്രിയമായിരുന്നുവെന്ന് മിനട്സിൽ നിന്നും വ്യക്തമാകുന്നു. പരിശോധനാ കാലയളവിൽ വർക്കിംഗ് ഗ്രൂപ്പ് യോഗം 4 തവണ ചേർന്നിട്ടുണ്ട്.

4. റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166, പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തമാണ്. എന്നാൽ ഇപ്രകാരം റോഡ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011 ലെ സ.ഉ (എം.എസ്) 31/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ. (കൈ.) നം.11/2018/ത.സ്വ.ഭ.വ, 29.01.18 -ലെ ഖണ്ഡിക 7.13 (1) പ്രകാരവും ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഭൂരിഭാഗം പ്രവൃത്തികളും റോഡ് പ്രവൃത്തികളായിരുന്നിട്ടും ഈ നിർദ്ദേശം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. ആയതിനാൽ മുൻഗണനാക്രമത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയത് എന്ന് പരിശോധിച്ചുറപ്പാക്കാൻ സംവിധാനമില്ല. റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

## 1-35 സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്റർ അടിസ്ഥാനമാക്കി 2021-22 സാമ്പത്തിക വർഷം ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധിച്ചപ്പോൾ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അനുവദിച്ചിട്ടുണ്ടെന്ന് കാണാൻ സാധിച്ചു.

1. മാലൂർ ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കൾ

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | പാർവതി അമ്മ എം | 111750201014 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 23/03/2021 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2021 ജൂൺ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 2 | ചാലി കുഞ്ഞിരാമൻ | 111750200078 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 21/12/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2021 ജനുവരി മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 3 | കേളോത്ത് ആമിന | 111750200296 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24/02/2021 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2021 ഒക്ടോബർ മാസം |

| | | | | | |
|---|---|---|---|---|---|
| | | | | | വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 4 | ഹുസൈൻ ടി വി | 111750200655 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 14/12/2020 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2021 നവംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 5 | ഗോവിന്ദൻ സി വി | 111750200489 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 03/09/2021 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2021 ഒക്ടോബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 6 | നൌഷാദ് എൻ വി | 111750400220 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം) | 12/05/2021 | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2021 ഒക്ടോബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |

2. മാലൂർ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | ഗ്രാമ പഞ്ചായത്ത് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കുഞ്ഞിക്കണ്ണൻ എം.വി | 111650200534 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 17/08/2021 | കീഴല്ലൂർ | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2021 ഒക്ടോബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| 2 | കുഴിച്ചാലിൽ നന്ദിനി | 111450200077 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1/04/2021 | ധർമടം | പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2022നവംബർ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |

ഇത് സംബന്ധിച്ച് 27/15.02.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും മാലൂർ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് മരണശേഷം

അനുവദിച്ച പെൻഷൻ തുക ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് (00110101023000269) ഒടുക്കേണ്ടതാണ്. മാലൂർ ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്താക്കളെ സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 15-02-2023 | കെ.എസ്.എ./കെ.എൻ.ആർ./സി.11 /212/2023 തീയതിഃ 29.03.2023 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | തുക ലഭിച്ച വർഷം | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 110400 | 2021-22 | 111/22 ലൈഫ് ഭവന പദ്ധതി | 110400 | ഇല്ല |
| 2 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 68000 | 2021-22 | 183/22 കരനെൽ കൃഷി | 68000 | ഇല്ല |
| 3 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 289000 | 2021-22 | 23/22 സുഭിക്ഷ കേരളം വനിത ഗ്രൂപ്പുകൾക്ക് പച്ചക്കറി തൈ വിതരണം | 289000 | ഇല്ല |
| 4 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 382500 | 2021-22 | 22/22 സമഗ്ര നെൽ കൃഷി വികസനം | 382500 | ഇല്ല |
| 5 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 55000 | 2021-22 | 184/22 വനിത ഗ്രൂപ്പുകൾക്ക്ഇടവിള കിറ്റ് വിതരണം | 55000 | ഇല്ല |
| 6 | പേരാവൂർ | 200000 | 2021-22 | 45/22 | 200000 | |

| | | | | | | |
|---|---|---|---|---|---|---|
| | ബ്ലോക്ക് പഞ്ചായത്ത് | | | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | | |
| 7 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 200000 | 2021-22 | 1/22 ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 200000 | ഇല്ല |
| 8 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 50000 | 2021-22 | 194/22 തോടിന് പാർശ്വഭിത്തി | 50000 | ഇല്ല |
| | ആകെ | 1354900 | | | 1354900 | |
| 10 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 897540 | 2021-22 | 111/22 ലൈഫ് ഭവന പദ്ധതി | 897540 | ഇല്ല |
| 11 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 212500 | 2021-22 | 45/22 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | 212500 | ഇല്ല |
| 12 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 51000 | 2021-22 | 1/22 ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 51000 | ഇല്ല |
| 13 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 300000 | 2021-22 | 169/22 ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 300000 | ഇല്ല |
| 14 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 30350 | 2021-22 | 24/22 സമഗ്ര നെല്കൃഷി വികസനം | 30350 | ഇല്ല |
| 15 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 36252 | 2021-22 | 165/22 വീട്ടുവളപ്പിൽ ബയോഫ്ലോക്ക് | 36252 | ഇല്ല |
| 16 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 59060 | 2021-22 | 92/22 വീട്ടു വളപ്പിൽ മത്സ്യകൃഷി (പടുതാക്കുളം) | 59060 | ഇല്ല |
| 17 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 114700 | 2021-22 | 164/22 വീട്ടു വളപ്പിൽ മത്സ്യകൃഷി (പടുതാക്കുളം) | 114700 | ഇല്ല |
| 18 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 148190 | 2021-22 | 81/22 ദീർഘകാല രോഗികളുടെയും മാറാരോഗികളുടെയും ഗൃഹപരിചരണത്തിനുള്ള ഹോം കെയർ സംവിധാനം | 148190 | ഇല്ല |
| | ആകെ | 1849592 | | | 1849592 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക₹ | ചെലവഴിച്ച തുക₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് മെയിൻ ലൈൻ വലിക്കൽ (പ്രോജക്റ്റ് നമ്പർ 33/22,) | 21/27-12-2021 | 6,93,614 | 6,93,614 | 0 |
| | സ്ട്രീറ്റ് മെയിൻ വലിക്കൽ (പ്രോജക്റ്റ് നമ്പർ 120/22, | 18/20-12-2021 | 6,72,000 | 6,72,000 | 0 |
| ഭൂജല വകുപ്പ് | അങ്കണവാടിക്ക് കുഴൽ കിണർ നിർമ്മാണം, പ്ലംബിങ്ങ്, മോട്ടോർ ഘടിപ്പിക്കൽ (പ്രോജക്റ്റ് നമ്പർ 121/22, | 26/22-02-2022 | ₹53,000 | 0 | ₹53,000 |
| | അങ്കണവാടികളുടെ കിണറുകൾക്ക് മോട്ടോർ ഘടിപ്പിക്കൽ (പ്രോജക്റ്റ് നമ്പർ 122/22,) | 25/22-02-2022 | ₹4,00,000 | 0 | ₹4,00,000 |
| | വെമ്പടി കോളനി കുടിവെള്ള കണക്ഷൻ (പ്രോജക്റ്റ് നമ്പർ 6/22,) | 566302, 27-10-2021 | 208600 | 208600 | 0 |
| | വെമ്പടി കോളനി കുടിവെള്ള കണക്ഷൻ (പ്രോജക്റ്റ് നമ്പർ 162/22,) | 69/27-10-21 | 316400 | 316400 | 0 |
| | ആകെ | | 2343641 | 1890614 | 453000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തൻവർഷം തിരിച്ചടച്ച തുകയുടെയും വിവരം

| വായ്പയുടെ | ഉത്തരവ് | വായ്പാ | വർഷാരംഭത്തിൽ | തൻവർഷം | വർഷാവസാനം |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ | തുക ₹ | തിരിച്ചടക്കാൻ ബാക്കി ₹ | തിരിച്ചടച്ച തുക ₹ | | തിരിച്ചടക്കാൻ ബാക്കി ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി-രണ്ടാം ഘട്ടം | ലഭ്യമല്ല | 2213779 | 1773779 | 220000 | - | 1553779 |

## 4-6 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| | |
|---|---|
| വർഷം | 2021-22 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20010 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20010 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20010 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരങ്ങൾ

| ക്രമ നമ്പർ | നിക്ഷേത്തിന്റെ വിവരം | തുക |
|---|---|---|
| 1 | മലബാർ ടൂറിസം ഡവലെപ്മെന്റ് കോർപ്പറേഷനിലെ ഷെയർ നമ്പർ,തീയതി.4464/15.5.2004 | 20010 |

## 4-7 ഓഡിറ്റ് റിക്കവറി

വിവരം ലഭ്യമാക്കിയിട്ടില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 62416016 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 58946041 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 245000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 15000 | ശ്രീ. പ്രദീപൻ.എൻ, സെക്രട്ടറി |
| 1-19 | 150000 | ശ്രീ. പ്രദീപൻ.എൻ, സെക്രട്ടറി |
| 1-22 | 80000 | ശ്രീ. പ്രദീപൻ.എൻ, സെക്രട്ടറി |
| ആകെ | 245000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രദീപൻ.എൻ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി. | സെക്രട്ടറി, കണിച്ചാർ ഗ്രാമപഞ്ചായത്ത് | പ്രമദം, നെല്ലൂന്നി, മട്ടന്നൂർ (പി ഒ), കണ്ണൂർ-670702 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 1 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 1 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 1 |
| 2009-10, | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 1 |
| 2010-11 2011-12, | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 2 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 4 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 3 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 6 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ /സി.11/1425/2022 തീയതി 13.10.2022 | 7 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ / സി.11/1380/2021<br>തീയതി: 10-01-2022 | 31 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ / സി.8/1381/2021<br>തീയതി: 10-01-2022 | 35 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Malur Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 21961799.00 |
| Cash | Cash | RP-40(a) | 110408.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1058630.00 |
| 130000000 | Rental income from Panchayat Properties | RP-3 | 37250.00 |
| 140000000 | Fees & User Charges | RP-4 | 379491.00 |
| 150000000 | Sale & Hire Charges | RP-5 | 81325.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 43294364.00 |
| 171000000 | Interest Earned | RP-9 | 553166.00 |
| 190000000 | Prior Period Income | RP-11 | 6640.00 |
| 210000000 | Establishment Expenses | RP-12 | 63399.00 |
| 240000000 | Interest & Finance Charges | RP-15 | 5.00 |
| 311000000 | Earmarked Funds | RP-28 | 13974.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 10742405.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5231655.00 |
| 460000000 | Loans, Advances and Deposits | RP-49 | 236841.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 7982.00 |
| 340000000 | Deposits Received | RP-33 | 210878.00 |
| 350000000 | Other Liabilities | RP-35 | 498011.00 |
| | Grand total | | 84488223.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-12 | 1607933.00 |
| 220000000 | Administrative Expenses | RP-13 | 389219.00 |
| 230000000 | Operations & Maintenance | RP-14 | 485635.00 |
| 240000000 | Interest & Finance Charges | RP-15 | 314.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-16 | 8797746.00 |
| 251000000 | Decentralised Plan Programme-Service Sector | RP-17 | 14545947.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-18 | 6541652.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 277323.00 |

| | | | |
|---|---|---|---|
| | | | |
| 260000000 | Grants, Contributions and Compensations from Own Fund | RP-21 | 507110.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | -19589.00 |
| 311000000 | Earmarked Funds | RP-28 | 9000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 90126.00 |
| 412000000 | Capital Work In Progress | RP-39 | 371545.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 1262314.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1166025.00 |
| 460000000 | Loans, Advances and Deposits | RP-49 | 647152.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 72300.00 |
| 350000000 | Other Liabilities | RP-35 | 22194289.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 25426136.00 |
| Cash | Cash | RP-40(b) | 116046.00 |
| | Grand Total | | 84488223.00 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Malur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4624139.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 217268.00 |
| 140000000 | Fee & User Charges | I-4 | 634473.00 |
| 150000000 | Sale & Hire Charges | I-5 | 100953.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 146327820.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 553166.00 |
| 180000000 | Other Income | I-9 | 7982.00 |
| 190000000 | Prior Period Income | I-19 | -301217.00 |
| | Total Income | | 152465801.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12132642.00 |
| 220000000 | Administrative Expenses | I-11 | 800526.00 |
| 230000000 | Operations & Maintenance | I-12 | 1126802.00 |
| 240000000 | Interest & Finance Charges | I-13 | 1198.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7107531.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 25685559.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 7265319.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 46069526.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 49665989.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 0.0 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 500000.00 |
| 270000000 | Provisions and Write off | I-16 | 5088.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 705947.00 |
| | Total Expenditure | | 151066127.00 |
| | Gross Surplus / Deficit of income over Expenditure | | -1399674.00 |
| | Gross Surplus / Deficit of income over Expenditure | | -1207902.00 |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -109445.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -191772.00 |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

| Malur Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 20908228.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 16486.00 |
| 312000000 | Reserves | B-3 | 57049477.00 |
| | Total Reserve & Surplus | | 77974191.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7015322.00 |
| | Total Grants, Contributions for Specific Purposes | | 7015322.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 1553779.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 1553779.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 759580.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1703407.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2462987.00 |
| | TOTAL LIABILITIES | | 89006279.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 807529.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 0.0 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 2300676.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 97689757.00 |
| 416000000 | Accumulated Depreciation | B-11(a) | -41897224.00 |
| | Total Fixed Assets | | 58900738.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20010.00 |

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 20010.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1260622.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 25542182.00 |
| 460000000 | Loans, Advances and Deposits | B-18 | 3282727.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 30085531.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 89006279.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.